**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6217** **10-07-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ വനമേഖലയോട് ചേർന്ന് താമസിക്കുന്നവരുടെ പട്ടയം വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ വനമേഖലയോട് ചേർന്ന് താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്ന കാര്യത്തിൽ വനം വകുപ്പിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ വനമേഖലയോട് ചേർന്ന്, വനഭൂമി അല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്ന കാര്യത്തിൽ വനം വകുപ്പിന്റെ ഭാഗത്ത് നിന്നും പൊതുവെ തടസ്സങ്ങൾ ഇല്ല. എന്നാൽ 1977നു മുൻപ് കയ്യേറിയിട്ടുള്ളതും നിക്ഷിപ്ത വനഭൂമിയും ആയിട്ടുള്ള സ്ഥലത്ത് റഗുലറൈസ് ചെയ്ത് പട്ടയം വിതരണം ചെയ്യുവാൻ പാടുള്ളതല്ല എന്ന് ബഹു. കേരള ഹൈക്കോടതിയുടെ WP(C)No. 4501/18 നമ്പർ കേസിൽ 08.11.2018-ലും, WA 694/19 നമ്പർ കേസിൽ 18.03.2019-ലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഇക്കാര്യം സർക്കാർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ